**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.155**

**16/02/2016-ലെ മറുപടിക്ക്**

**ബാലസാന്ത്വനം പദ്ധതി**

| | ചോദ്യം<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|---|
| എ | ട്രഷറി വകുപ്പ് ക്യാൻസർ രോഗികളായ കുട്ടികൾക്ക് ബാലസാന്ത്വനം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ? | റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ചികിൽസാചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം ഒരു നിശ്ചിത തുക സ്വീകരിച്ച്, ജി.ഒ.(പി) നം. 575/2014/ധന. തീയതി,23/12/2014 ഉത്തരവ് പ്രകാരം **ബാല സാന്ത്വനം-2014'** എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. |
| ബി | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്? | റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് നൽകുന്ന ചികിൽസ പൂർണ്ണമായും സൌജന്യമായി ലഭ്യമാക്കാൻ വേണ്ടിയാണ് **"ബാലസാന്ത്വനം-2014"** പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അർബുദ ബാധിതരായ കുട്ടികളുടെ ചികിൽസാ ചെലവുകൾക്കായി സംസ്ഥാന സർക്കാരിന്റെ സാമൂഹിക സുരക്ഷാ പദ്ധതികൾ പ്രകാരം നിരവധി പദ്ധതികൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ക്യാൻസറിനുള്ള ചികിൽസ വളരെയധികം ചെലവേറിയതാണ്. അത് ആരോഗ്യം ക്ഷയിപ്പിക്കുന്നതോടൊപ്പം കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയും തകർക്കുന്നു. അതുകൊണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും സജീവമായ ചികിൽസയിൽ കഴിയുന്നതുമായ, രോഗികളായ കുട്ടികളുടെ കുടുബങ്ങൾക്ക് ഈ |

| | | |
|---|---|---|
| | | കാലയളവിൽ സാമ്പത്തിക സഹായം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ മനസ്സിലാക്കുകയും അതു പ്രകാരം **'ബാലസാന്ത്വനം'** പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ യിൽ ഭേദഗതി വരുത്തി നിർധനരായ കുടുംബങ്ങൾക്ക് ചികിൽസാ കാലയളവിൽ സാമ്പത്തിക സഹായം നൽകാൻ ഉത്തരവ് പുറപ്പെ ടുവിക്കുകയും ചെയ്തിട്ടുണ്ട് ജി.ഒ (പി)നം.18/2016/ധന., തീയതി, 01/02/2016). പ്രസ്തുത ഉത്തരവ് പ്രകാരം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ കുടുംബം, ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുന്നതാണെങ്കിൽ ടി കുടുംബത്തിന് നിലവിലെ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി വർഷത്തിൽ 5,000/- രൂപ നിരക്കിൽ സഹായധനം നൽകുന്നതാണ്. ഇതിന് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സഹായധനം നൽകാനുള്ള നടപടി സ്വീകരിക്കുവാൻ ആർ.സി.സി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി | ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീക രിച്ചിട്ടുള്ളത്? | റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ ചികിൽസാചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം ഒരു നിശ്ചിത തുക സ്വീകരിച്ച്, ജി.ഒ.(പി) നം. 575/2014/ധന. തീയതി,23/12/2014 ഉത്തരവ് പ്രകാരം **ബാല സാന്ത്വനം-2014'** എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നോഡൽ വകുപ്പ് ധനകാര്യ (ഫണ്ട്സ്) വകുപ്പാണ്. ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക നിക്ഷേപിക്കുന്നതിനായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നടപടിക്രമങ്ങളെ സംബന്ധിച്ച വിശദമായ ഉത്തരവ് ജി.ഒ.(പി) നം. 113/2015/ധന., തീയതി, 16/03/2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അർബുദ ബാധിതരായ കുട്ടികളുടെ |

ചികിൽസാ ചെലവുകൾക്കായി സംസ്ഥാന സർക്കാരിന്റെ സാമൂഹിക സുരക്ഷാ പദ്ധതികൾ പ്രകാരം നിരവധി പദ്ധതികൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും സജീവമായ ചികിൽസയിൽ കഴിയുന്നതുമായ, രോഗികളായ കുട്ടികളുടെ കുടുബങ്ങൾക്ക് ഈ കാലയളവിൽ സാമ്പത്തിക സഹായം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് മനസ്സിലാക്കി അതുപ്രകാരം **'ബാലസാന്ത്വനം -2014'** പദ്ധതിയിലൂടെ സ്വരൂപിക്കുന്ന തുക അർഹതപ്പെട്ട കുടുബങ്ങൾക്ക് കൂടി പ്രയോജനകരമായി ഉപയോഗിക്കത്തക്ക വിധം പ്രസ്തുത ഉത്തരവിന് ഭേദഗതി വരുത്തിക്കൊണ്ട് 01/02/2016-ൽ ജി.ഒ (പി) നം.18/2016/ധന., ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെവരുന്ന രോഗികളായ കുട്ടികളുടെ കുടുംബത്തിന് പ്രതിവർഷം 5,000/- രൂപ നിരക്കിൽ സഹായധനം നൽകു ന്നതാണ്. ഉത്തരവിന്റെ പകർപ്പ് ആർ.സി.സി. ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും അർഹതപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ആർ.സി.സി. ഡയറക്ടർ സാക്ഷ്യപ്പെടുത്തി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക നേരിട്ട് നിക്ഷേപിക്കുന്നതാണ്. ഇതിലേയ്ക്ക് അടിയന്തിര നടപടികൾ സ്വീകരിക്കാൻ ആർ.സി.സി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ